**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3182** **04-08-2021 - ൽ മറുപടിയ്ക്ക്**

**ആശുപത്രിയുടെ വികസനത്തിന് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചിട്ടുണ്ട്. 30.07.2020 ലെ സ.ഉ(സാധാ) നം. 1394/2020/ആ.കു.വ പ്രകാരം ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പുതിയ ഒ.പി ബ്ലോക്ക് കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന 12.31 കോടി രൂപയുടെ ഭരണാനുമതിയും 11.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് നിർമ്മാണത്തിനായി കിഫ്ബി പദ്ധതി മുഖേന 1.568 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി കെട്ടിടവും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്. അനുവദിച്ച അനുബന്ധ ഉപകരണങ്ങൾ, ജനറേറ്റർ എന്നിവയുടെ വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് യൂണിറ്റ് പ്രവർത്തനക്ഷമമാകുന്നതാണ്. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ തുക ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി വകയിരുത്തിയിട്ടുണ്ട്. കിഫ്ബി മുഖേന പുതിയ ഒ.പി കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ